## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2214.** **05.05.2017 ന് മറുപടിയ്ക്ക്**

## ലഹരി വസ്തുക്കൾ വ്യാപിക്കുന്നത് തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സുപ്രീംകോടതി വിധി പ്രകാരം മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുമൂലം, മയക്കുമരുന്നിന്റെ ഉപഭോഗം കൂടുന്നതായി ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ഈ സർക്കാർ അധികാരമേറ്റശേഷം ഇതേവരെ എക്സൈസ് വകുപ്പ് നടത്തിയ വിവിധതരം റെയ്ഡുകളുടെ എണ്ണം എത്ര; ഇതുവഴി പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ പേരും ഇനവും അളവും ഇവയ്ക്ക് അന്താരാഷ്ട്ര മാർക്കറ്റിൽ ലഭിക്കാവുന്ന വിലയും സഹിതം വ്യക്തമാക്കാമോ; | (എ) | സുപ്രീംകോടതി വിധി പ്രകാരം മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുമൂലം, മയക്കുമരുന്നിന്റെ ഉപഭോഗം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം 25.05.2016 മുതൽ 23.04.2017 വരെ എക്സൈസ് വകുപ്പ് 129191 വിവിധയിനം റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഇതുവഴി പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ പേരും ഇനവും അളവും ഇവയ്ക്ക് അന്താരാഷ്ട്ര മാർക്കറ്റിൽ ലഭിക്കാവുന്ന വിലയും (നിലവിലെ നിയമാനുസരണം അംഗീകൃതമായ വില) ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പേര്/ഇനം | പിടിച്ചെടുത്ത അളവ് | അന്താരാഷ്ട്ര മാർക്കറ്റിൽ ലഭിക്കാവുന്ന വില |
|---|---|---|---|
| 1 | കഞ്ചാവ് | 823.426 കിലോഗ്രാം | 2000 രൂപ/ കിലോ ഗ്രാം |
| 2 | കഞ്ചാവ് ചെടി | 2294 എണ്ണം | - |
| 3 | കഞ്ചാവ് ലേഹ്യം | 125 ഗ്രാം | - |
| 4 | ഹാഷിഷ് | 11.451 കിലോഗ്രാം | - |
| 5 | ഹെറോയിൻ | 43.28 ഗ്രാം | 5-15 ലക്ഷം രൂപ/കിലോ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഗ്രാം |
| | | | 6 | ബ്രൗൺഷുഗർ | 107.24 ഗ്രാം | - |
| | | | 7 | ഓപ്പിയം | 43 ഗ്രാം | 5500-10000 രൂപ/കിലോ ഗ്രാം |
| | | | 8 | കൊക്കൈൻ | 11 ഗ്രാം | 10-30 ലക്ഷം രൂപ/കിലോ ഗ്രാം |
| | | | 9 | ചരസ്സ് | 170 ഗ്രാം | - |
| | | | 10 | ഡൈസെഫാം | 21 ആംപ്യൂൾ | - |
| | | | 11 | നൈട്രാ സെഫാം | 3695 ടാബ്ലറ്റ് | - |
| | | | 12 | മോർഫിൻ | 50 ഗ്രാം | 200000 – 250000 രൂപ/ കിലോഗ്രാം |
| | | | 13 | അൽപ്രാ സോളം | 6 ഗ്രാം & 15 ടാബ്ലറ്റ് | - |
| | | | 14 | എം.ഡി. എം.എ. ഓയിൽ | 3 ഗ്രാം | - |
| | | | 15 | എം.ഡി. എം.എ. ക്രിസ്റ്റൽ | 47 ഗ്രാം | - |
| | | | 16 | പോപ്പി പ്ലാന്റ് പൗഡർ | 450 ഗ്രാം | - |
| | | | 17 | കൊഡൈൻ ഫോസ്ഫേറ്റ് | 2.5 ലിറ്റർ | - |
| | | | 18 | ബ്യൂപ്രി നോർഫിൻ | 10 ആംപ്യൂൾ | - |
| | | | 19 | സ്പാസ്മോ പ്രോക്സി വോൺ | 4706 ടാബ്ലറ്റ് | - |

| | | | |
|---|---|---|---|
| (ബി) | കേരളത്തിൽ കഴിഞ്ഞ 5 വർഷത്തിനിടെ മയക്കുമരുന്നിന്റെയും മറ്റും ഉപയോഗം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കണക്കുകൾ ലഭ്യമാണോ; മദ്യത്തിന് പകരം മറ്റ് ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള പ്രവണത വർദ്ധിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക പഠനം നടത്താൻ തീരുമാനം ഉണ്ടോ; മറ്റു ലഹരി വസ്തുക്കൾ വ്യാപിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്? | (ബി) | കേരളത്തിൽ കഴിഞ്ഞ 5 വർഷത്തിനിടെ മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ കാലയളവിൽ യഥാക്രമം 563, 793, 970, 1430, 2985 എൻ.ഡി.പി.എസ്. കേസുകൾ വീതമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2017 വർഷം 23/04/2017 വരെ മാത്രം എക്സൈസ് വകുപ്പ് 1744 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2016 വർഷം സമാന കാലയളവിൽ 766 കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തിരുന്നത്.<br>മദ്യത്തിന് പകരം മറ്റ് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള പ്രവണത വർദ്ധിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക പഠനം നടത്താൻ തീരുമാനിച്ചിട്ടില്ല.<br>കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം വ്യാപകമാകുന്ന അപകടകരമായ പ്രവണത തടയുന്നതിന് ഇത്തരം മയക്കുമരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും ലഹരിമരുന്നുകൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുള്ളതും ബോർഡർ/ഹൈവേ പട്രോളിങ്ങ് യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുള്ളതുമാണ്. കൂടാതെ അതിർത്തി പ്രദേശത്ത് അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനകളു |

| | | | |
|---|---|---|---|
| | | | ടെയും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുടെയും സഹകരണത്തോടെ ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. എക്സൈസ് ഇന്റലിജൻസ്, ഷാഡോ എക്സൈസ് വിഭാഗങ്ങളും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.<br>ചില ജീവൻ രക്ഷാ മരുന്നുകൾ ലഹരിക്കായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിലും പരിശോധനകൾ നടത്തുകയും ഡോക്ടറുടെ കുറിപ്പ് കൂടാതെ ഇത്തരം മരുന്നുകൾ വിൽക്കുന്നില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.<br>ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിവിധ മാധ്യമങ്ങളിലുടെ മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പൊതുജന പങ്കാളിത്തത്തോടെ, മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ “വിമുക്തി” എന്ന |

| | | | |
|---|---|---|---|
| | | | ബോധവത്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപക മായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ആയ തിന്റെ ഭാഗമായി വിവിധ ലഹരിവിരുദ്ധ പ്രവർത്തങ്ങൾ നടത്തി വരുന്നു. സാമൂഹി കവും ക്രിയാത്മകവുമായ ചുവടുവയ്പ്പുകൾ, സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവരവ്യാപന സംവിധാന ങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമ വിരുദ്ധ ലഹരി ഉത്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് വിമുക്തി മിഷനുമായി ബന്ധ പ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ. |

**സെക്ഷൻ ഓഫീസർ**